## പ്രധാനവാർത്തകൾ

1) സംസ്ഥാനത്തിന്റെ പേര് 'കേരളം' എന്ന് മാറ്റുന്ന പുനർനാമകരണ ബിൽ പാർലമെൻറ് പാസ്സാക്കി. കേരളം എന്ന പേരുമാറ്റം രാജ്യത്തിനാകെ അഭിമാനകരമെന്ന് കേന്ദ്രസഹമന്ത്രി നിത്യാനന്ദ റായ്.

2) നീറ്റ് ഉൾപ്പെടെ വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തിൽ പാർലമെൻറ് പ്രക്ഷുബ്ധം. ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു.

3) വെള്ളപ്പൊക്കത്തിൽ സംസ്ഥാനത്ത് 129 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി മന്ത്രി ടി സിദ്ദിഖ്. കൃഷി നാശത്തിൻ്റെ കണക്കെടുപ്പ് വേഗത്തിൽ പൂർത്തിയാക്കുമെന്നും മന്ത്രി.

4) 80-ആമത് സ്വാതന്ത്ര്യദിനാഘോഷങ്ങൾക്കുള്ള വിപുലമായ മുന്നൊരുക്കങ്ങൾ രാജ്യത്ത് പുരോഗമിക്കുന്നു. തിരുവനന്തപുരത്ത് സംഗീത വിരുന്നൊരുക്കി വ്യോമസേനാ ബാൻഡ്.

5) കർക്കടക വാവ് ദിനത്തിൽ പിതൃമോക്ഷ പുണ്യം തേടി ജനലക്ഷങ്ങൾ ഇന്ന് ബലിതർപ്പണം നടത്തി.

RNU TVPM

6) **കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള തീര മേഖലയിൽ നാളെ കടലാക്രമണത്തിന് സാധ്യതയെന്ന് മുന്നറിയിപ്പ്.**

**കേരളം -ബിൽ (ഇൻട്രോ)**

സംസ്ഥാനത്തിന്റെ പേര് ഔദ്യോഗികമായി 'കേരളം' എന്ന് മാറ്റുന്ന പുനർനാമകരണ ബിൽ പാർലമെൻറ് പാസ്സാക്കി. ലോക്സഭ ഇന്നലെ പാസ്സാക്കിയ ബില്ലിന് രാജ്യസഭ ഇന്ന് അംഗീകാരം നൽകുകയായിരുന്നു. കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് ആണ് ബിൽ സഭയിൽ അവതരിപ്പിച്ചത്. സംസ്ഥാനത്തിന്റെ പേര് കേരളം എന്നാക്കി മാറ്റുന്നത് രാജ്യത്തിനൊന്നാകെ അഭിമാനം പകരുന്നതായി ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് അദ്ദേഹം പറഞ്ഞു.

***(വോയിസ്)***

സംസ്ഥാനത്തിന്റെ പേര് ഭരണഘടനാ രേഖകളിൽ 'കേരളം' എന്നാക്കി മാറ്റണമെന്ന് ആവശ്യപ്പെട്ട് 2024 ജൂണിൽ കേരള നിയമസഭ ഏകകണ്ഠമായി പ്രമേയം പാസാക്കി കേന്ദ്രത്തിന് അയച്ചിരുന്നു. പാർലമെൻറ് പാസ്സാക്കിയ ബില്ലിൽ രാഷ്ട്രപതി ഒപ്പുവെക്കുന്നതോടെ പേരുമാറ്റം ഔദ്യോഗികമായി നിലവിൽ വരും.

RNU TVPM

## ലോക്സഭ

വിദേശ സംഭാവന നിയന്ത്രണ ഭേദഗതി ബിൽ സംയുക്ത പാർലമെൻററി സമിതിയ്ക്ക് വിടാനും പാർലമെൻറ് തീരുമാനിച്ചു. ബിൽ പിൻവലിക്കണമെന്ന ആവശ്യമാണ് കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ മുന്നോട്ട് വച്ചത്. ഖനി, ധാതു ഭേദഗതി ബിൽ ലോക്സഭ ഇന്ന് പാസ്സാക്കി. നീറ്റ് വിഷയത്തിൽ സഭ ഇന്നും പ്രക്ഷുബ്ധമായിരുന്നു. വിദ്യാർത്ഥി സമരവുമായി ബന്ധപ്പെട്ട ചർച്ചയ്ക്ക് സർക്കാർ സന്നദ്ധമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ സ്പീക്കർ ഓം ബിർളയെ കത്തിലൂടെ അറിയിച്ചതായി പാർലമെൻററി കാര്യ മന്ത്രി കിരൺ റിജിജു വ്യക്തമാക്കി. പ്രതിപക്ഷം ബഹളം തുടർന്ന സാഹചര്യത്തിൽ ലോക്സഭ ഇന്നത്തേക്ക് പിരിയുകയായിരുന്നു.

## മന്ത്രി ടി.സിദ്ദിഖ്

വെള്ളപ്പൊക്കത്തിൽ സംസ്ഥാനത്ത് 129 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്നും, നഷ്ടം സംഭവിച്ച കർഷകർക്ക് വിത്തും നടിൽ വസ്തുക്കളും സൗജന്യമായി നൽകുമെന്നും മന്ത്രി ടി.സിദ്ദിഖ് . കൃഷി നാശത്തിൻ്റെ കണക്കെടുപ്പ്

RNUTVPM

വേഗത്തിൽ പൂർത്തിയാക്കുമെന്നും പത്തനംതിട്ട കളക്ടറേറ്റിൽ നടന്ന അവലോകനയോഗത്തിനുശേഷം അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളിലെ കാർഷിക ലോണുകളുടെ തിരിച്ചടവിലെ സാവകാശം, മൊറട്ടോറിയം തുടങ്ങിയ കാര്യങ്ങൾ ആലോചിക്കുമെന്നും മന്ത്രി വ്യക്തമാക്കി. തിരുവല്ലയിലെ പ്രളയബാധിത പ്രദേശങ്ങളിൽ അദ്ദേഹം സന്ദർശനം നടത്തി.

**ഇയർ ബാക്ക്- റോജി ജോൺ**

കേരള സാങ്കേതിക സർവകലാശാല ബി.ടെക് അഞ്ചാം സെമസ്റ്ററിൽ നടപ്പിലാക്കിയിരുന്ന ഇയർബാക്ക് രീതി താത്കാലികമായി ഒഴിവാക്കാൻ തീരുമാനിച്ചതായി മന്ത്രി റോജി എം ജോൺ. പുതിയ കെ.ടി.യു സിൻഡിക്കേറ്റിൻറെ ആദ്യ യോഗത്തിലാണ് തീരുമാനം. ആദ്യ രണ്ട് സെമസ്റ്ററുകളിൽ നിന്ന് നിശ്ചിത ക്രെഡിറ്റ് നേടിയാൽ മാത്രമേ അഞ്ചാം സെമസ്റ്ററിലേക്ക് പ്രവേശനം നൽകൂ എന്ന കർശന നിബന്ധനയാണ് ഇതിലൂടെ ഒഴിവാക്കപ്പെടുന്നത്.
ഇയർബാക്ക് വ്യവസ്ഥ വിദ്യാർത്ഥികളുടെ തുടർപഠനത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് ചൂണ്ടിക്കാട്ടി വിവിധ വിദ്യാർത്ഥി സംഘടനകൾ സർക്കാരിനെ സമീപിച്ചിരുന്നു.

RJUTVPM

**വ്യോമസേനാ ബാൻഡ് ടീം (ഇൻട്രോ)**

80-ആമത് സ്വാതന്ത്ര്യദിനാഘോഷങ്ങൾക്കുള്ള വിപുലമായ മുന്നൊരുക്കങ്ങൾ രാജ്യത്ത് പുരോഗമിക്കുന്നു. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ ശനിയാഴ്ച നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകും. യുവശക്തിയും വന്ദേമാതരവും പ്രമേയമാക്കിയാണ് ഇക്കുറി ആഘോഷങ്ങൾ. സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ഇന്ത്യൻ വ്യോമസേനാ ബാൻഡ് ടീം അവതരിപ്പിക്കുന്ന സംഗീത വിരുന്ന് നാളെ തിരുവനന്തപുരത്ത്. പരിപാടിയുടെ ഫുൾ ഡ്രസ്സ് റിഹേഴ്സൽ നിശാഗന്ധി ഓഡിറ്റോറിയത്തിൽ പുരോഗമിക്കുകയാണ്.

RNU TVPM

***വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.............***

***(വോയിസ്)***

**ഏഴിമല**

എൺപതാം സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ഏഴിമല നാവിക അക്കാദമിയിലെ നേവി ബാൻഡിന്റെ

പ്രത്യേക സംഗീത പരിപാടി കണ്ണൂർ സെക്യൂറ സെന്റർ പരിസരത്ത് നാളെ വൈകുന്നേരം 6 മണിക്ക് നടക്കും. പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമാണ്.

**കർക്കടക വാവ്**

കർക്കടക വാവ് ദിനത്തിൽ പിതൃമോക്ഷ പുണ്യം തേടി ലക്ഷക്കണക്കിന് വിശ്വാസികൾ ഇന്ന് ബലിതർപ്പണം നടത്തി.

ക്ഷേത്രങ്ങളിലും, ബലിതർപ്പണ കേന്ദ്രങ്ങളിലും വലിയ തിരക്കാണ് അനുഭവപ്പെട്ടത്. പുലർച്ചെ ആരംഭിച്ച തർപ്പണ ചടങ്ങുകൾ വൈകിട്ട് മൂന്ന് മണിവരെ നീണ്ടു. തിരുവല്ലം പരശുരാമക്ഷേത്രം, വർക്കല പാപനാശം, തിരുമുല്ലവാരം മഹാവിഷ്ണു ക്ഷേത്രം, പമ്പാ ത്രിവേണി, ആലുവ മണപ്പുറം, ഭാരതപ്പുഴയിലെ സ്നാനഘട്ടങ്ങൾ, തിരുനെല്ലി മഹാവിഷ്ണു ക്ഷേത്രം തുടങ്ങി പ്രധാന കേന്ദ്രങ്ങളിലെല്ലാം വിപുലമായ ക്രമീകരണങ്ങൾ ഒരുക്കിയിരുന്നു.

**ഇടുക്കി (ഇൻട്രോ)**

RNU TVPM

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയും നിലവിലെ സ്ഥിതിഗതികളും വിലയിരുത്തുന്നതിനായി അഞ്ചംഗ ഉപസമിതി ഇന്ന് സന്ദർശനം നടത്തി. തേക്കടിയിലെത്തിയ സംഘം ബോട്ട് മാർഗം ഡാമിലെത്തിയാണ് പരിശോധന പൂർത്തിയാക്കിയത്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ്കൃഷ്ണ ...***

***(വോയിസ്)***

**ലഹരി- ജെനീഷ്**

സമൂഹത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന ലഹരിക്കെതിരെ യുവജനത ജാഗരൂകരാകണമെന്നും ലഹരിവിരുദ്ധ പോരാട്ടത്തിനായി സന്ധിയില്ലാതെ മുന്നിട്ടിറങ്ങണമെന്നും കായിക-യുവജനകാര്യ മന്ത്രി ഒ. ജെ. ജനീഷ് . മേരാ യുവ ഭാരതിന്റെ ആഭിമുഖ്യത്തിൽ തൃശൂർ സെന്റ് തോമസ് കോളേജിൽ സംഘടിപ്പിച്ച 'നശാ മുക്ത് യുവ ഫോർ വികസിത് ഭാരത്' സംസ്ഥാനതല കലോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

**സംയോജിത ബോധവൽക്കരണ പരിപാടി**

PNU TVPM

കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻറെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന സംയോജിത ബോധവൽക്കരണ പരിപാടി മേയർ വി.വി. രാജേഷ് നാളെ ഉദ്ഘാടനം ചെയ്യും. കമലേശ്വരം കൺവെൻഷൻ സെന്ററിൽ നടക്കുന്ന രണ്ട് ദിവസത്തെ പരിപാടിയുടെ ഭാഗമായി സൗജന്യ മെഡിക്കൽ ക്യാമ്പ്, കലാപരിപാടികൾ, മത്സരങ്ങൾ, എന്നിവ ഉണ്ടായിരിക്കും.

**കള്ളക്കടൽ**

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ ജില്ലകളിലെ തീര പ്രദേശങ്ങളിൽ നാളെ രാവിലെ മുതൽ ഉച്ചക്ക് ശേഷം 2.30 വരെ കടലാക്രമണത്തിന് സാധ്യത. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെയും, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ മറ്റന്നാളും മഞ്ഞജാഗ്രത നൽകിയിട്ടുണ്ട്.

RNU TVPM